**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 269 06/10/2016-ൽ മറുപടിയ്ക്ക്

**പ്രീപ്രൈമറി സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ബി.ഗണേഷ് കുമാർ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | പൊതു വിദ്യാലയങ്ങളോട് ചേർന്ന് പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ സർക്കാർ അനുമതിയോടു കൂടിയാണോ ഇവ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; അനുമതിയില്ലാതെ പ്രവർത്തിക്കുന്നവയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സർക്കാർ നേരിട്ട് നടത്തുന്നതും സർക്കാർ അനുമതിയോടുകൂടി പി.റ്റി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ പ്രീപ്രൈമറികൾ പൊതു വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ അനുമതിയില്ലാതെ പ്രീപ്രൈമറി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രീപ്രൈമറി സ്കൂളുകൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) | പി.റ്റി.എ യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി ആരംഭിക്കുന്നതിന് 05/07/1988-ലെ സ.ഉ(സാധാ) 2453/88/പൊ.വി.വ പ്രകാരം മാർഗ്ഗരേഖ പുറത്തിറക്കിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. 07/12/2012-നു മുമ്പായി തുടങ്ങിയ പ്രീ-പ്രൈമറികൾക്കു മാത്രമേ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂ. |
| (സി) | പ്രീപ്രൈമറി സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകരും ആയമാരും സർക്കാർ നിയമനം ലഭിച്ചവരാണോ; അല്ലെങ്കിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ഇവരുടെ വേതനം ആരാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ നേരിട്ട് നടത്തുന്ന പ്രീപ്രൈമറികളിലെ ജീവനക്കാർ പി.എസ്.സി മുഖേന നിയമനം നേടിയവരും സർക്കാർ നിയമനം ലഭിച്ചവരുമാണ്. പി.റ്റി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറികളിലെ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് പി.റ്റി.എയാണ്. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇവർക്ക് ഓണറേറിയം നൽകി വരുന്നു. |
| (ഡി) | പ്രീപ്രൈമറി സ്കൂളുകൾക്ക് പ്രത്യേക സിലബസ്സും കരിക്കുലവും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പ്രീ പ്രൈമറിയ്ക്ക് ഏകീകരിച്ച കരിക്കുലവും സിലബസും തയ്യാറാക്കിയിട്ടുണ്ട്. 11/08/2014-ലെ സ.ഉ(എം.എസ്) 158/2014/പൊ.വി.വ പ്രകാരം അതിന് സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്. |

Sheela K

സെക്ഷൻ ഓഫീസർ